മൂല-പൊങ്ങന്ത്ര പാടശേഖരത്തിൽ 100 എച്ച്.പി.-യുടെ ട്രാൻസ്ഫോർമർ

80(2281) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂല-പൊങ്ങന്ത്ര പാടശേഖരത്തിൽ 100 എച്ച്.പി.യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഊർജ്ജ വകുപ്പ് നാളിയുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

മൂല-പൊങ്ങന്ത്ര പാടശേഖരത്തിൽ നിലവിലുള്ള 100 കെ.വി.എ. ട്രാൻസ്ഫോർമറിന് 100 എച്ച്.പി. മോട്ടോർകൂടി അധികമായി പ്രവർത്തിപ്പിക്കുന്നതിനുള്ള ശേഷിയില്ലാത്തതിനാൽ പുതുതായി ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതുണ്ട്. പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

ആറ്റിങ്ങലിൽ 33 കെ.വി. സബ്സ്റ്റേഷൻ

81(2282) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൾ ഠൗണിൽ, കച്ചേരിയിൽ 33 കെ.വി. സബ്സ്റ്റേഷന്റെ ആവശ്യകത സ്ഥിരീകരിക്കുന്നതിനുള്ള സാങ്കേതിക പഠനം നടന്നുവരുന്നു.

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി 364.31 ലക്ഷം രൂപ RAPDRP പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly